(ഡി) ഇന്ത്യൻ ബാങ്കുകൾക്ക് പരമാവധി പ്രവർത്തന സ്വാതന്ത്ര്യം നൽകാനുള്ള കേന്ദ്ര സർക്കാർ തീരുമാനം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; പ്രസ്തുത തീരുമാനം കർഷകർക്കുള്ള വായ്പാ ലഭ്യതയെ എത്രത്തോളം ബാധിക്കുമെന്ന് വിലയിരുത്തിയിട്ടുണ്ടോ ; വിശദാംശങ്ങൾ നൽകാമോ ?

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ. പി. മോഹനൻ) :

(എ) സംസ്ഥാന സർക്കാർ ഏജൻസികൾ, സഹകരണ ബാങ്കുകൾ എന്നിവ സംസ്ഥാനത്ത് അനുവദിച്ചിട്ടുള്ള കാർഷിക കടങ്ങളുമായി ബന്ധപ്പെട്ട റവന്യു റിക്കവറി നടപടികൾക്ക് ഏർപ്പെടുത്തിയിരുന്ന മൊറട്ടോറിയത്തിന്റെ കാലയളവ് 30-5-2014- ലെ സ.ഉ.(എംഎസ്.) നമ്പർ 224/14/റവ. ഉത്തരവ് പ്രകാരം 15-2-2015-ന് അവസാനിച്ചിട്ടുണ്ട്.

(ബി) ഉണ്ട്.

(സി) ബാധകമല്ല.

(ഡി) ഇന്ത്യൻ ബാങ്കുകൾക്ക് പരമാവധി പ്രവർത്തന സ്വാതന്ത്ര്യം നൽകാനുള്ള കേന്ദ്ര സർക്കാർ തീരുമാനം മാധ്യമങ്ങൾ മുഖേന ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. വിശദാംശങ്ങൾ പരിശോധിച്ചിട്ടില്ല.

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ വിഭജനം

19 (*139) ഡോ. ടി. എം. തോമസ് ഐസക് :
ശ്രീ. കോടിയേരി ബാലകൃഷ്ണൻ :
ശ്രീ. എ. കെ. ബാലൻ :
ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ വിഭജനത്തിനും രൂപീകരണത്തിനും നിയമാനുസരണം പാലിക്കേണ്ട വ്യവസ്ഥകൾ എന്തൊക്കെയാണ് ; വിശദമാക്കാമോ ;

(ബി) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ രൂപീകരിക്കുന്നതിനും വിഭജിക്കുന്നതിനും സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ് ;

(സി) എന്തെല്ലാം മാനദണ്ഡങ്ങളാണ് ഇതിനായി സ്വീകരിച്ചത്; മാനദണ്ഡങ്ങൾക്ക് രൂപം നൽകിയതാരാണ് ; ഇതിനായി പൊതുജനാഭിപ്രായം ആരാഞ്ഞിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) നിലവിലെ മാനദണ്ഡങ്ങൾക്കനുസൃതമായി ഏതെല്ലാം പഞ്ചായത്തുകളെ വിഭജിക്കേണ്ടതുണ്ട്; എത്ര തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ പുതുതായി രൂപീകരിക്കാം;

(ഇ) ഇതിനുള്ള ശിപാർശകൾ തയ്യാറാക്കിയത് ആരാണ്; ശിപാർശകളിന്മേൽ പൊതുജനാഭിപ്രായം തേടുകയുണ്ടായിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വെളിപ്പെടുത്താമോ ;

(എഫ്) പുതിയ തദ്ദേശ സ്ഥാപനങ്ങൾ എന്നു മുതൽ നിലവിൽ വരുമെന്ന് വെളിപ്പെടുത്താമോ ?

പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ഡോ. എം. കെ. മുനീർ) :

(എ) 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെയും മുനിസിപ്പാലിറ്റി നിയമത്തിലെയും വകുപ്പ് 4 പ്രകാരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പരിധി വർദ്ധിപ്പിക്കേണ്ടതും കുറയ്ക്കേണ്ടതും ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നിർദ്ദേശപ്രകാരമോ അല്ലെങ്കിൽ അവരുമായി കൂടിയാലോചിച്ചതിനുശേഷമോ പ്രസ്തുത നിർദ്ദേശം വിജ്ഞാപനംവഴി മുൻകൂട്ടി പ്രസിദ്ധീകരിച്ചതിനുശേഷമായിരിക്കണം. അതുപോലെതന്നെ നിലവിലെ ഭരണ സമിതിയുടെ കാലാവധി തീരുന്ന മുറയ്ക്ക് മാത്രമേ ഇത് പ്രാബല്യത്തിൽ വരുത്തുവാൻ പാടുള്ളുവെന്നും വ്യവസ്ഥയുണ്ട്.

(ബി) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ രൂപീകരിക്കുന്നതിനും വിഭജിക്കുന്നതിനും പുതിയവ രൂപീകരിക്കുന്നതിനുമുള്ള മാനദണ്ഡങ്ങൾ നിശ്ചയിക്കുന്നതിനും അതിനനുസൃതമായി പഞ്ചായത്തുകളെ തെരഞ്ഞെടുക്കുന്നതിനുമായി ഒരു കമ്മിറ്റി രൂപീകരിച്ചു. പ്രസ്തുത കമ്മിറ്റി സമർപ്പിച്ച റിപ്പോർട്ട് ചില ഭേദഗതികളോടെ അംഗീകരിച്ചുകൊണ്ട് സംസ്ഥാനത്ത് പുതുതായി 70 ഗ്രാമപഞ്ചായത്തുകളും 31 മുനിസിപ്പാലിറ്റികളും ഒരു മുനിസിപ്പൽ കോർപ്പറേഷനും രൂപീകരിക്കുന്നതിന് തീരുമാനിക്കുകയും ഈ തീരുമാനത്തിനുമേൽ പൊതുജനങ്ങൾക്കും ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കുമുള്ള ആക്ഷേപങ്ങളും അഭിപ്രായങ്ങളും ക്ഷണിച്ചുകൊണ്ട് 25-1-2015, 25-2-2015 തീയതികളിൽ പ്രാഥമിക വിജ്ഞാപനം ഗസറ്റിൽ പ്രസിദ്ധീകരിക്കുകയും ചെയ്തിട്ടുണ്ട്. ഇതേ നടപടിക്രമമാണ് 2010-ലും സ്വീകരിച്ചത്.

(സി) ജനസംഖ്യ, ഭൂവിസൃതി, പ്രദേശത്തിന്റെ ഭൂമിശാസ്ത്രപരമായ പ്രത്യേകതകൾ, മെച്ചപ്പെട്ട സേവനം ലഭ്യമാക്കുന്നതിനുള്ള സൗകര്യം എന്നിവയാണ് മുഖ്യമാനദണ്ഡമായി സ്വീകരിച്ചത്. ഭരണഘടനയിലെയും കേരള പഞ്ചായത്ത് രാജ് നിയമത്തിലെയും മുൻസിപ്പാലിറ്റി നിയമത്തിലെയും വ്യവസ്ഥകളുടെ അടിസ്ഥാനത്തിൽ മാനദണ്ഡങ്ങൾക്ക് രൂപം നൽകിയത് സർക്കാരാണ്. മാനദണ്ഡം നിശ്ചയിക്കുന്നതിന് പൊതുജനാഭിപ്രായം ആരാഞ്ഞിട്ടില്ലെങ്കിലും നിലവിലുള്ള തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ രൂപീകരണം സംബന്ധിച്ച് പൊതുജനങ്ങളിൽനിന്നും സർക്കാരിന് ലഭിച്ചിട്ടുള്ള നിവേദനങ്ങൾ പരിഗണിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) വിഭജിക്കേണ്ട പഞ്ചായത്തുകളുടെ ലിസ്റ്റ് അനുബന്ധമായി ചേർത്തിട്ടുണ്ട്.* പുതുതായി 70 ഗ്രാമപഞ്ചായത്തുകളും 31 മുനിസിപ്പാലിറ്റികളും ഒരു മുനിസിപ്പൽ കോർപ്പറേഷനും രൂപീകരിക്കാം.

(ഇ) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ രൂപീകരിക്കുന്നതിനും വിഭജിക്കുന്നതിനും പുതിയവ രൂപീകരിക്കുന്നതിനുമുള്ള മാനദണ്ഡങ്ങൾ നിശ്ചയിക്കുന്നതിനും അതിനനുസൃതമായി പഞ്ചായത്തുകളെ തെരഞ്ഞെടുക്കുന്നതിനുമായി രൂപീകരിക്കപ്പെട്ട കമ്മിറ്റിയാണ് ശിപാർശകൾ തയ്യാറാക്കിയത്. പ്രസ്തുത ശിപാർശയിൻമേൽ പൊതുജനങ്ങൾക്കും ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള ആക്ഷേപങ്ങളും അഭിപ്രായങ്ങളും ക്ഷണിച്ചു കൊണ്ട് 25-1-2015, 25-2-2015 തീയതികളിൽ പ്രാഥമിക വിജ്ഞാപനം ഗസറ്റിൽ പ്രസിദ്ധീകരിച്ചിരുന്നു. അതുപ്രകാരം ആക്ഷേപങ്ങളും അഭിപ്രായങ്ങളും സമർപ്പിച്ച വ്യക്തികളെ നേരിൽ കേൾക്കുന്ന നടപടികൾ പൂർത്തിയായി വരുന്നു.

(എഫ്) പുതിയ ഭരണ സമിതികൾ 2015 നവംബർ 1-ന് നിലവിൽ വരേണ്ടതുണ്ട്.

റബ്ബർ കർഷകരെ വിലത്തകർച്ചയിൽനിന്നും രക്ഷിക്കാൻ നടപടി

20 (*140) ശ്രീ. സാജു പോൾ :
ശ്രീ. കെ. കെ. ജയചന്ദ്രൻ :
ശ്രീ. ബി. ഡി. ദേവസ്സി :
ശ്രീ. എസ്. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) റബ്ബർ കർഷകരെ വിലത്തകർച്ചയിൽ നിന്നും രക്ഷിക്കാൻ ഇറക്കുമതി നിരോധിക്കുകയോ ലോകവ്യാപാര കരാറിലെ വ്യവസ്ഥകളനുസരിച്ച് അധികച്ചുങ്കം ഏർപ്പെടുത്തുകയോ ചെയ്യാൻ കേന്ദ്ര സർക്കാരിൽ സമ്മർദ്ദം ചെലുത്താൻ നടപടി സ്വീകരിക്കുമോ ;

(ബി) 2015-16 വർഷത്തേക്കുള്ള കേന്ദ്ര ബഡ്ജറ്റിൽ റബ്ബർ സംഭരണത്തിന് പ്രത്യേക പദ്ധതി വിഹിതമുണ്ടോ ; ഇതിനായി സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചിരുന്നു ;വിശദമാക്കാമോ ;

(സി) റബ്ബർ കർഷക രക്ഷക്കായി റബ്ബറൈസ്ഡ് ടാർ ഉപയോഗിച്ച് റോഡ് നിർമ്മിക്കും എന്ന പ്രഖ്യാപനം യാഥാർത്ഥ്യമാക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിക്കുമോ ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly